**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **21-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കയറിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കടന്നുകയറിയത് സംബന്ധിച്ച് മെയ് 14ന് കോളേജ് പ്രിൻസിപ്പൽ തമ്പാനൂർ പൊലീസിൽ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | തിരുവനന്തപുരം ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കടന്നുകയറിയതുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാൾ 14.05.2024-ൽ നൽകിയ പരാതിയിൽ തമ്പാനൂർ പോലീസ് CCTV ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. മോഷണ ശ്രമമോ മറ്റ് നാശനഷ്ടങ്ങളോ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ FIR രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | ഇയാൾ ഇതേവർഷം മൂന്നുതവണ കടന്നുകയറിയതായുള്ള സി.സി. ടി.വി. ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇയാളെ പിടികൂടുന്നതിൽ പൊലീസിൻെറ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ആയുർവേദ കോളേജ് ഹോസ്റ്റലുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി സ്ഥലത്ത് പോലീസ് പട്ടാബുക്ക് സ്ഥാപിച്ചിട്ടുള്ളതും രാത്രികാല ഭേദമന്യേ പട്രോളിങ്ങ് ഡ്യൂട്ടി നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഗേറ്റ് അസമയങ്ങളിൽ തുറന്നിടരുതെന്ന് ഹോസ്റ്റൽ വാർഡന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ